05/10/2024

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/10/2024

1. ക്ഷീരമേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് ഓൺലൈൻ പാൽ സംഭരണത്തിനും വിപണനത്തിനുമായി ക്ഷീരവികസന വകുപ്പ് തയ്യാറാക്കിയ ക്ഷീരശ്രീ പോർട്ടൽ ഇന്ന് (ഒക്ടോബർ 5 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മാസ്കറ്റ് ഹോട്ടലിൽ രാവിലെ 11 മണിക്ക് നടക്കുന്ന ചടങ്ങിൽ മിൽമ ഉൽപ്പന്നങ്ങളുടെ വിപണന ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയും നിർവഹിക്കും. അഡ്വ. വി.കെ. പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിക്കുന്ന പരിപാടിയിൽ ഡോ. ശശിതരൂർ എംപി വിശിഷ്ടാതിഥിയായിരിക്കും. ജനപ്രതിനിധികൾ, ക്ഷീരസംഘം - മിൽമ പ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കും. നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായാണ് ഏകീകൃത പോർട്ടൽ സജ്ജമാക്കിയിരിക്കുന്നത്. കർഷകർ ക്ഷീരസംഘത്തിൽ നൽകുന്ന പാലിൻ്റെ അളവിനും ഗുണനിലവാരത്തിനും അനുസൃതമായി കൃത്യമായ വില നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമാണിത്. സംഘങ്ങളുടെ അക്കൗണ്ടിംഗ് ഉൾപ്പെടെയുള്ള എല്ലാപ്രവർത്തനങ്ങളും ഓൺലൈൻ ആക്കുന്നതിനും ഈ സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ ഉദ്ദേശിക്കുന്നുണ്ട്.

2. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിവകുപ്പ് നടപ്പിലാക്കുന്ന കൂൺ ഗ്രാമം പദ്ധതിയിൽ ഗുണഭോക്താക്കളാകാൻ താല്പര്യമുള്ള കർഷകർ, അതാത് കൃഷി ഭവനുകളുമായി ബന്ധപ്പെടേണ്ടതാണെന്ന് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ആദ്യഘട്ടത്തിൽ ജില്ലയിലെ ചേർത്തല, ചെങ്ങന്നൂർ ബ്ലോക്കുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെടുന്നവർക്ക് കൃഷിവകുപ്പ് കൂൺ കൃഷിയുമായി ബന്ധപ്പെട്ട സൗജന്യ പരിശീലനങ്ങൾ നൽകും. താല്പര്യമുള്ള കർഷകർ കൂടുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് ചേർത്തല, ചെങ്ങന്നൂർ ബ്ലോക്കുകളിലെ കൃഷിഭവനുകളുമായി ബന്ധപ്പെടേണ്ടതാണ്.

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിവിധ പച്ചക്കറി വിളകളായ വഴുതന, പാവൽ, കുമ്പളങ്ങ, പയർ, വെള്ളരി, വെള്ളരി, തണ്ണിമത്തൻ, പടവലങ്ങ, വെണ്ട എന്നിവയുടെ വിത്തുകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന നമ്പരിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണൂത്തിയിൽ കൂൺ വിത്തുകൾ വില്പനക്കായി തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0487 2370773 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കാർഷിക വികസന കർഷക ക്ഷേമവകുപ്പിലെ എൻജിനീയറിംഗ് വിഭാഗം സപ്പോർട്ട് ടു ഫാം മെക്കനൈസേഷൻ പദ്ധതിയിൽ കോട്ടയം ജില്ലയിലെ കർഷകർക്കായി കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയ്ക്കായി സർവീസ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്താൻ ആഗ്രഹിക്കുന്ന വ്യക്തികൾക്കും കർഷക സംഘങ്ങൾക്കും 9496681854, 9496846155 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് ബുക്ക് ചെയ്യാം. ആദ്യം ബുക്ക് ചെയ്യുന്നവർക്ക് 1000/- രൂപ വരെയുള്ള സ്പെയർ പാർട്ട്സ് ഉപയോഗിച്ചുള്ള സർവീസ് സൗജന്യമായിരിക്കും. രണ്ട് ഘട്ടങ്ങളിലായി ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ 20 സർവീസ് ക്യാമ്പ് സംഘടിപ്പിക്കും. കൃഷി എൻജിനീയറിംഗ് ഓഫീസിലെ മെക്കാനിക്കുകൾക്ക് പുറമേ വിവിധ കാർഷിക യന്ത്രോപകരണ നിർമാതാക്കളുടെ മെക്കാനിക്കുകളുടേയും സേവനം ക്യാമ്പിൽ ലഭ്യമാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. അസാപ്പ് കേരളയും കൊച്ചിൻ ഷിപ്പ്യാർഡും സംയുക്തമായി നടത്തുന്ന മറൈൻ സ്ട്രക്ചറൽ ഫിറ്റർ കോഴ്സിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. 7 സീറ്റുകളിലാണ് ഒഴിവുള്ളത് (3 സീറ്റ് മൈനോറിറ്റി വിഭാഗത്തിനുള്ളതാണ്). ഐടിഐ വെൽഡർ, ഫിറ്റർ, ഷീറ്റ് മെറ്റൽ എന്നീ ട്രേഡുകൾ 2020ന് ശേഷം പാസൗട്ട് ആയ കുട്ടികൾക്കാണ് അവസരം. ന്യൂനപക്ഷ മത വിഭാഗങ്ങളിൽ ഉൾപ്പെട്ട (ക്രിസ്ത്യൻ, മുസ്ലിം, ജൈന, ബുദ്ധ, പാഴ്സി) വിദ്യാർത്ഥികൾക്ക് കോഴ്സ് സൗജന്യമായിരിക്കും. ഒക്ടോബർ 10ന് ക്ലാസ് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 7736925907/9495999688 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

7. പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന (പി.എം.എം.എസ്.വൈ) പദ്ധതി പ്രകാരം ഓരുജല ബയോഫ്ളോക്ക് കുളങ്ങളുടെ നിർമ്മാണ പദ്ധതിയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. 0.1 ഹെക്ടർ (25 സെന്റ്), ബയോഫ്ളോക്ക് കുളം നിർമ്മിച്ച് മത്സ്യം വളർത്തുന്നതിന് 18 ലക്ഷം രൂപയാണ് യൂണിറ്റ് ചെലവ്. പദ്ധതി തുകയുടെ 40% രൂപ ഗുണഭോക്താവിന് സബ്സിഡിയായി നൽകും.താത്പര്യമുള്ള അപേക്ഷകർ അതാത് പ്രദേശത്തെ മത്സ്യഭവനുമായി ബന്ധപ്പെടണം.അവസാന തീയതി ഒക്ടോബർ ഏഴ്. ഫോൺ:വൈക്കം മത്സ്യഭവൻ ; 04829-291550, കോട്ടയം മത്സ്യഭവൻ ; 0481 - 2566823, പാലാ മത്സ്യഭവൻ 0482-2299151

8. മത്സ്യഫെഡിന്റെ വെളിയങ്കോട് ചെമ്മീൻ വിത്തുത്പാദന കേന്ദ്രത്തിൽ പത്ത് ലക്ഷം കാര ചെമ്മീൻ വിത്തുകൾ വിപണനത്തിന് തയ്യാറായിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഫോൺ നമ്പർ 0494 2677250, 9526041177, 9526041202.

## പരിശീലന പരിപാടി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


9. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് പരിശീലനം നടത്തുന്നു. 2024 ഒക്ടോബർ 15-ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ചാണ് പരിശീലനം. കർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്കെല്ലാം പരിശീലനം പ്രയോജനം ചെയ്യും. റബ്ബർതോട്ടങ്ങളിൽനിന്ന് അധികവരുമാനം നേടുന്നതിനുള്ള മാർഗ്ഗമാണ് തേനീച്ചവളർത്തൽ. ശാസ്ത്രീയമായ രീതികൾ അവലംബിക്കുന്നതിലൂടെ തേനീച്ചവളർത്തലിൽനിന്ന് മെച്ചപ്പെട്ട വരുമാനം നേടാൻ കഴിയും. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**

10. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ഈ മാസം (ഒക്ടോബർ) 8,9,10 തീയതികളിൽ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം പ്രൊക്യൂർമെൻ്റ് അസിസ്റ്റൻ്റ് / ലാബ് അസിസ്റ്റൻ്റ് എന്നിവർക്കായി പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20രൂപ. ആധാർ കാർഡിൻ്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താത്പര്യമുള്ളവര് 07.10.2024ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.